# ACADEMIC MASTER PLAN 2025-26

## THARAKKAL AUPS TUVVUR PIN-679327

## WANDOOR SUBDISTRICT

## MALAPPURAM DISTRICT

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 1 |
| ചരിത്രം | 2 |
| സ്കൂൾ മികവ് | 3 |
| ഭൗതിക സാഹചര്യങ്ങൾ | 4 |
| അറബി | 6 |
| മലയാളം | 9 |
| സംസ്കൃതം | 12 |
| ഉർദു | 17 |
| ഗണിതം | 24 |
| ഇംഗ്ലീഷ് | 27 |
| സാമൂഹ്യശാസ്ത്രം | 29 |
| അടിസ്ഥാന ശാസ്ത്രം | 32 |
| ഹിന്ദി | 34 |

## ആമുഖം

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, അതുവഴി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. അറിവിന്റെയും കാഴ്ചപ്പാടിന്റെയും കഴിവിന്റെയും തലത്തിൽ നമ്മുടെ കുട്ടികൾ ഔന്നത്യം പുലർത്തണം. പാഠപുസ്തകത്തിനപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക, അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക, ഭാവി ജീവിതത്തിൽ അവ പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും വികസിപ്പിക്കുന്നതിനു സഹായകരമായ രീതിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അക്കാദമിക മികവിന് വിദ്യാലയ മികവ് എന്ന ആശയത്തിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## ചരിത്രം

ഔപചാരികമായ യാതൊരു പ്രാഥമിക വിദ്യാഭ്യാസ സൗകര്യവും ഇല്ലാതിരുന്ന 20 ആം നൂറ്റാണ്ടിന്റെ പ്രാരംഭ കാലഘട്ടത്തിൽ വിദ്യാഭ്യാസവും, സാമൂഹ്യവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യമാക്കി 1912-മുതൽ തുവ്വൂർ അധികാരിയായിരുന്ന ശ്രീ കുറിയേടി നാരായണൻ നായരുടെ പരിശ്രമഫലമായി ശ്രീ തരകൻ ശങ്കരനുണ്ണി വക കെട്ടിടത്തിന്റെ മച്ചികയിൽ (ഇപ്പോഴത്തെ തരകൻ എ.യു.പി.സ്കൂൾ) മാപ്പിള ബോർഡിന്റെ കീഴിൽ ഒരു മാപ്പിള. L.P സ്കൂളും ശ്രീ കണ്ടമംഗലത്ത് രാമൻ കുട്ടി പണിക്കരുടെ വക കെട്ടിടത്തിൽ (ഇന്നത്തെ ഗവ.L.P സ്കൂൾ) ഹിന്ദു ബോർഡിന്റെ കീഴിൽ ഒരു ഹിന്ദു L.P സ്കൂളും സ്ഥാപിച്ചതാണ് തുവ്വൂരിൽ ഔപചാരിക വിദ്യാഭ്യാസത്തിനു തുടക്കമായത്. 1930ൽ ഈ വിദ്യാലയങ്ങളുടെ നിയന്ത്രണം ജില്ലാ വിദ്യാഭ്യാസ ബോർഡിൽ നിക്ഷിപ്തമായി. 1959ൽ കെ.ഇ.ആർ നിലവിൽ വന്നപ്പോൾ എലിമെന്ററി സ്കൂൾ നിർത്തലാക്കി. തുവ്വൂർ തരകൻ എ.യു.പി സ്കൂൾ ആയി പ്രവർത്തനം തുടർന്നു.

## സ്കൂൾ മികവ്

അക്കാദമിക നിലവാരത്തിൽ ഉയർന്ന് നിൽക്കുന്ന നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ കലയിലും സ്പോർട്സിലും മറ്റു പരിപാടികളിലും മികവാർന്ന സാന്നിദ്ധ്യം കാഴ്ച വയ്ക്കുന്നുണ്ട്. സയൻസ് ലാബ്, വിവിധ വിഷയങ്ങളിലുള്ള ക്ലബ്ബുകൾ കല- സാഹിത്യ സേവന പ്രവർത്തനങ്ങൾ, സ്പോർട്സ്, ഗെയിംസ് മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളിലെല്ലാം സ്കൂൾ സജീവമാണ്. ജില്ലാ- സംസ്ഥാന മത്സരങ്ങളിൽ സ്കൂളിലെ കുട്ടികളും പൂർവ്വ വിദ്യാർത്ഥികളും ഉയർന്ന നിലവാരം കാഴ്ച വയ്ക്കുന്നുണ്ട്. തുടർച്ചയായ വർഷങ്ങളിൽ USS ന് ഉയർന്ന മാർക്കോടെ USS കരസ്ഥമാക്കുന്ന സ്കൂളുകളിൽ ഒന്നാണ് നമ്മുടെ എ.യു.പി. സ്കൂൾ. കല-സ്പോർട്സ് എന്നിവയിൽ മികച്ച ട്രെയിനിങ് നൽകുന്നുണ്ട്.

## ഭൗതിക സാഹചര്യങ്ങൾ

വിദ്യാലയത്തിൽ ആകെ 20 ക്ലാസ് മുറികളാണ് ഉള്ളത്. 17 ക്ലാസ് മുറികൾ KER പ്രകാരം ഉള്ളതും 3 ക്ലാസ് മുറികൾ pre-KER പ്രകാരം ഉള്ളതുമാണ്. വിശാലമായ കളിസ്ഥലവും വിദ്യാലയത്തിൽ ഉണ്ട്. മികച്ച നിലവാരമുള്ള കെട്ടിടങ്ങളാണ് വിദ്യാലയത്തിൽ ഉള്ളത്. വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് പുതുതായി കെട്ടിടങ്ങളുടെ ആവശ്യമുണ്ട്. ഭാഷാവിഷയങ്ങൾ ക്ലബ് ചെയ്ത് പഠിപ്പിക്കുമ്പോൾ എല്ലാ വിഷയങ്ങൾക്കും ആവശ്യമായ റൂം സൗകര്യങ്ങൾ ഇല്ല. കൂടാതെ കുട്ടികളുടെ കലാപരമായ കഴിവുകളും മറ്റും അവതരിപ്പിക്കുന്നതിനാവശ്യമായ ഒരു ഓഡിറ്റോറിയം വിദ്യാലയത്തിൽ അനിവാര്യമാണ്. ഓഡിറ്റോറിയത്തിന്റെ അഭാവം കാരണം വിപുലമായി നടത്തേണ്ട പല പ്രവർത്തനങ്ങളും ശുഷ്കമായാണ് നടത്തുന്നത്. കൂടാതെ വിദ്യാലയത്തിലെ ആഹാരം പാചകം ചെയ്യുന്ന 'അടുക്കള' നിലവാരമുള്ള കെട്ടിടം നിർമ്മിച്ച് മാറ്റി സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്. ഭക്ഷ്യവസ്തുക്കൾ ശേഖരിച്ചു വയ്ക്കാനാവശ്യമായ "സ്റ്റോർ റൂം", കാന്റീൻ എന്നിവയും നമുക്ക് ആവശ്യമുണ്ട്.

ഏകദേശം 5000 പുസ്തകങ്ങൾ നമ്മുടെ

ലൈബ്രറിയിൽ ഉണ്ട്. ഒരു ലൈബ്രേറിയനും,
ഒരു റൂം സൗകര്യവും ഇതിനാവശ്യമാണ്.

ഓരോ വിഷയത്തിനും പ്രത്യേക ലാബു-
കൾ ഉണ്ട്. അലമാരകൾ കൂടുതൽ ആവശ്യമായി
വന്നിട്ടുണ്ട്. 680 ഓളം കുട്ടികൾ പഠിക്കുന്ന വിദ്യാ-
ലയത്തിൽ കമ്പ്യൂട്ടർ ലാബ് ആവശ്യമാണ്.
നിലവിൽ വിദ്യാലയത്തിൽ 14 ലാപ്ടോപ്പും 5
projector ഉം ഉണ്ട്. ശുചിമുറി സൗകര്യങ്ങൾ വിദ്യാ-
ലയത്തിൽ പര്യാപ്തമാണ്. കുടിവെള്ള സൗകര്യം
നിലവിൽ ഉണ്ടെങ്കിലും കൂടുതൽ മെച്ചപ്പെടേണ്ടത്
ഉണ്ട്. വൈവിധ്യമാർന്നതും പോഷക സമൃദ്ധവുമായ
ഭക്ഷണം നൽകി വരുന്നു. ഇത് കുട്ടികൾക്ക് കഴി-
ക്കുന്നതിനാവശ്യമായ പാത്രങ്ങൾ കിട്ടിയാൽ ഗുണ-
കരമാണ്.

വിദ്യാലയത്തിൽ നിലവിൽ സ്റ്റാഫ് റൂം ഉണ്ടെ-
ങ്കിലും കൂടുതൽ മെച്ചപ്പെട്ട സ്റ്റാഫ്റൂം അത്യാവശ്യമാണ്.
വിദ്യാലയത്തിൽ നിന്നും കുട്ടികൾക്ക് അപകട സാഹചര്യ-
ങ്ങളിൽ പെട്ടെന്ന് പുറത്തേക്ക് എത്തുന്നതിനാ-
വശ്യമായ ക്രമീകരണങ്ങൾ ആവശ്യമാണ്.

ഭൗതിക സാഹചര്യങ്ങളുടെ വളർച്ച
വിദ്യാലയത്തിൽ കുട്ടികളുടെ അക്കാദമികമായ
വളർച്ചക്ക് സഹായകമാകും എന്ന കാര്യത്തിൽ
തർക്കമില്ല.

Arabic

## ആമുഖം

ലോക ഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്ന ഭാഷയാണ് അറബിക് ഭാഷ. അറബി ഭാഷ നമ്മുടെ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ഔദ്യോഗിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷയാണ്.

പ്രാചീന സെമിറ്റിക് ഭാഷാ കുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങൾക്കൊപ്പം ഇഴ ചേർന്നു അറബിഭാഷാ അധ്യായനവും മുന്നോട്ടു പോകുന്നു എന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമാണ്. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷര-

ങ്ങളുടെ രൂപ വ്യത്യാസത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ്. അറബി ഭാഷാ പഠനത്തിൽ ഉരുവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ.

ലക്ഷ്യം

* Arabic ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക.
* പദസമ്പത്ത് വർദ്ധിപ്പിക്കുക
* കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക.
* ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷാ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.
* കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനായി.
* Arabic ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിനു വേണ്ടി.

പ്രവർത്തനങ്ങൾ

ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. നിറം നൽകുക പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. (ക്രയോൺസ്, മൂന്ന് മാസം)
പുസ്തകങ്ങൾ, കാർഡുകൾ

* ഓരോ ദിവസവും ഒരു വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു. രണ്ട് മാസത്തിലൊരിക്കൽ അതിന്റെ Quiz മത്സരം ക്ലാസിൽ നടത്തുന്നു.
(June മുതൽ March വരെ)
* ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു.
(June മുതൽ March വരെ)
(പുസ്തകങ്ങൾ)
* മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം നടത്തുന്നു. (June മുതൽ March വരെ
(പുസ്തകങ്ങൾ)
* ഗാനം, സംഘഗാനം, പ്രസംഗം, മോണോആക്ട് അവതരിപ്പിക്കുന്നു. (ഒരുവർഷം)
* അറബി അക്ഷരങ്ങൾ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു (6 മാസം)
Computer.

## മലയാളം

### ആമുഖം

മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്ന ഒരു സവിശേഷതയാണ് ഭാഷ. വിദ്യാഭ്യാസത്തിൽ ഭാഷാ പഠനത്തിന് വലിയ പ്രാധാന്യം തന്നെ ഉണ്ട്. ഒരു ഭാഷ നന്നായി പഠിച്ചാൽ ആശയവിനിമയം മെച്ചപ്പെടുത്താനും ലോകത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനും സാധിക്കുന്നു. തൃക്കൂർ സർക്കാർ എ.യു.പി. സ്കൂൾ അടുത്ത വർഷങ്ങളിലായി നടത്താൻ ഉദ്ദേശിക്കുന്ന മലയാളം പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

ലക്ഷ്യം: അടിസ്ഥാന ശേഷി വികസനം ഭാഷയിലൂടെ

പ്രവർത്തനങ്ങൾ: വാക്കുകളും വാക്യങ്ങളും:
പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ
അടയാളം ഉറപ്പിക്കൽ വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, കഥ, കവിത അടിക്കുറിപ്പ് തയ്യാറാക്കൽ

കാലം: June, July
ചുമതല: H.M, മലയാളം അദ്ധ്യാപകർ
സാമ്പത്തിക വിശകലനം: P.T.A.

ലക്ഷ്യം: കുട്ടിയെ മികച്ച വായനക്കാരനാക്കുക.

പ്രവർത്തനങ്ങൾ: ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, ക്ലാസ് തല ലൈബ്രറി രൂപീകരിക്കൽ

സ്കൂൾ ലൈബ്രറി നവീകരിക്കൽ.
(പിറന്നാൾ മധുരം പുസ്തക രൂപത്തിൽ
എന്ന പദ്ധതി) പത്രവായന
ദിനാചരണ പ്രവർത്തനങ്ങൾ
കാലം : ഒരു വർഷം
ചുമതല: മലയാളം അദ്ധ്യാപകർ, ലൈബ്രറി
വിദ്യാരംഗം ക്ലബ്ബുകൾ
സാമ്പത്തിക വിശകലനം: രക്ഷിതാക്കൾ

ലക്ഷ്യം . സർഗ്ഗാത്മ ആവിഷ്കരിക്കുന്നതിനും
കുട്ടികളുടെ ബഹുമുഖ കഴിവുകൾ വളർ-
ത്തിക്കൊണ്ടു വരികയും ചെയ്യുന്നു.

പ്രവർത്തനങ്ങൾ : നാകൾ F.M
എല്ലാദിവസവും രാവിലെയും ആഴ്-
ചകളിൽ ഒരു ദിവസം ഉച്ചയ്ക്കും പ്രക്ഷേപണം
നടത്തുന്നു. വാർത്താ വായന, കവിതാലാപനം
തുടങ്ങി കുട്ടികളുടെ അവതരണ മികവുകൾ
വർദ്ധിപ്പിക്കുന്നു.
കാലം: വർഷം തോറും
ചുമതല : FM ക്ലബ്ബ്, മലയാളം ക്ലബ്ബ്, ദിനാചരണ
ക്ലബ്ബ്
സാമ്പത്തിക വിശകലനം: PTA.

ലക്ഷ്യം : മികച്ച എഴുത്തുകാരാകുക.
പ്രവർത്തനങ്ങൾ : വിവിധ ശില്പശാലകൾ
സംഘടിപ്പിക്കുന്നു.
കാലം : വർഷം തോറും.
ചുമതല : മലയാളം ക്ലബ്ബ്
സാമ്പത്തിക വിശകലനം : PTA.

ലക്ഷ്യം: 'പാട്ടി' നാടൻ പാട്ടുകൂട്ടം

പ്രവർത്തനങ്ങൾ നാട്ടുപാട്ടുകളുടെ
തൊട്ടറിയാൻ കുട്ടികളെ ഉൾപ്പെടുത്തി നാടൻ
പാട്ടു സംഘങ്ങൾ ഉണ്ടാക്കുന്നു.

കാലം: ഒരു വർഷം

ചുമതല: മലയാളം ക്ലബ്

സാമ്പത്തിക വിശകലനം: PTA.

ലക്ഷ്യം: 'മൊട്ട്'

പ്രവർത്തനങ്ങൾ: മലയാളം നേരിടുന്ന
ഭാഷാപ്രശ്നങ്ങളെ അധികരിച്ചുള്ള ശിൽപ്പ-
ശാല

കാലം: ഒരു വർഷം

ചുമതല: മലയാളം അദ്ധ്യാപകർ

സാമ്പത്തിക വിശകലനം: PTA.

ലക്ഷ്യം: 'തുവ്വൂർ വിചാരം'

പ്രവർത്തനങ്ങൾ: തുവ്വൂർ പഞ്ചായത്തിലെ
സമഗ്ര പുരോഗതി അധികരിച്ചുള്ള
ശിൽപ്പശാല
വികസന രേഖാ സമർപ്പണം

കാലം: ദീർഘകാലം

ചുമതല: H.m, മലയാളം അദ്ധ്യാപകർ
പഞ്ചായത്ത്

സാമ്പത്തിക വിശകലനം: PTA.

## സംസ്കൃതം

ഭാരതീയ വിജ്ഞാനത്തിന്റെ ആധാര ഗ്രന്ഥങ്ങളെല്ലാം രചിക്കപ്പെട്ടിരിക്കുന്ന സംസ്കൃത ഭാഷാ പഠനം കുട്ടികളിൽ വലിയ സാധ്യതകളാണ് തുറന്നു കൊടുക്കുന്നത്. താഴെ എ.യു.പി സ്കൂൾ ഏറ്റെടുത്തു നടത്തുന്ന സംസ്കൃത പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

ലക്ഷ്യം: ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.

UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ.

പ്രവർത്തനങ്ങൾ

1. ഭാഷാജ്ഞാനം

- അക്ഷരം എഴുത്ത്.
- ചിഹ്നം ഉറപ്പിക്കൽ.
- അക്ഷര കാർഡ്
- വാക്കുകൾ എഴുതിയ കാർഡ്
- ക്ലാസിൽ അക്ഷരമാല പ്രദർശനം.
- അക്ഷരമാല കളികൾ
- അക്ഷരമരം നിർമ്മിക്കൽ
- കാർട്ടൂൺ പ്രദർശനം
- പാട്ടുകളും കഥകളും കേൾപ്പിക്കുക.

2. പറയാം പഠിക്കാം

- ചിത്രങ്ങളുടെ പേര് പറയൽ

• ചിത്രകഥകൾ

• ലഘു സംഭാഷണങ്ങൾ

നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന
സംസ്കൃത പദങ്ങൾ

കാലാവധി : 1 ജൂൺ - ഓഗസ്റ്റ്
2. ജൂൺ - ജൂലൈ

ഭൗതികം 1. അക്ഷര ചാർട്ട്
പാഠ പുസ്തകം
ICT
2. സംസ്കൃത കഥാപുസ്തകം
ICT

പിന്തുണ : 1 PTA
റിസോഴ്സ് അധ്യാപിക
2. റിസോഴ്സ് അധ്യാപിക.

ലക്ഷ്യം : വീട് ഒരു പരീക്ഷണ ശാല
(കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക .

പ്രവർത്തനങ്ങൾ : വീട്ടിൽ ഉപയോഗിക്കുന്ന
വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ
തയ്യാറാക്കുക.

ICT സഹായത്തിലൂടെ വസ്തുക്കളും
വാക്കുകളും പരിശീലിക്കാനുള്ള
അവസരം

കാലാവധി : സെപ്റ്റംബർ - ഒക്ടോബർ

ഭൗതികം : സംസ്കൃതം നിഘണ്ടു.

ലക്ഷ്യം: വായനാലോകം

(കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ)

പ്രവർത്തനങ്ങൾ:
• തിരഞ്ഞെടുത്ത ലക്ഷ്യമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സമ്പുഷ്ടീകരിക്കുക.
• ആദ്യത്തെ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക
• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക
• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക.

കാലാവധി : 6 മാസം

ഭൗതികം: ക്ലാസ് ലൈബ്രറി

പിന്തുണ: റിസോഴ്സ് അധ്യാപിക.

ലക്ഷ്യം: കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ

പ്രവർത്തനങ്ങൾ: ക്ലബ്ബ് രൂപീകരണം
പഠനോപകരണ നിർമ്മാണം.
കലണ്ടർ നിർമ്മാണം
ഗൃഹ സന്ദർശനം
പഠനയാത്ര

കാലാവധി : ജൂൺ- മാർച്ച്

ഭൗതികം : ചാർട്ട്_ചിത്രം

പിന്തുണ : റിസോഴ്സ് അധ്യാപിക.

ലക്ഷ്യം: മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ

പ്രവർത്തനങ്ങൾ: ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.

എല്ലാമാസവും ക്വിസ് മത്സരം നടത്തുന്നു.

മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു.

കാലാവധി: ജൂൺ - മാർച്ച്

ഭൗതികം: ക്ലാസ് റൂം.

പിന്തുണ: റിസോഴ്സ് അധ്യാപിക.

ലക്ഷ്യം: ആസ്വാദന ലോകം

ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി.

പ്രവർത്തനങ്ങൾ: നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.

കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.

മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുന്നു.

ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം.

കാലാവധി: 5 മാസം

ഭൗതികം: സംസ്കൃത ക്ലാസ്റൂം.

പിന്തുണ: റിസോഴ്സ് അധ്യാപിക.

ലക്ഷ്യം: പ്രത്യേക പരിഗണന അർഹിക്കു-
ന്നവർക്കായുള്ള പ്രവർത്തനങ്ങൾ

പ്രവർത്തനങ്ങൾ. പ്രത്യേക പരിഗണന
അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ
പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.
പ്രത്യേക ക്ലാസുകൾ നൽകുന്നു.
ഭവനസന്ദർശനം നടത്തുന്നു.

കാലാവധി: ജൂൺ- മാർച്ച്
ഭൗതികം: ക്ലാസ് റൂം.
പിന്തുണ: റിസോഴ്സ് അധ്യാപിക.

ലക്ഷ്യം: ക്ലാസ് റൂം ആകർഷണമാക്കുന്നതിന്.

പ്രവർത്തനങ്ങൾ: പെയിന്റിംഗ്
ലൈബ്രറി ഒരുക്കുന്നു.
സൗകര്യ പ്രദമായ ഇരിപ്പിടം
ഒരുക്കുന്നു.

## Urdu

### ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നു പന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ-ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു ഖഡി ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടേയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

തറക്കൽ എ.യു.പി സ്കൂളിൽ 2025-2026 വർഷത്തിൽ ഉറുദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക ഭൗതിക സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

### പൊതു ലക്ഷ്യങ്ങൾ

ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.

ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.

തൊഴിൽ അനുബന്ധ മത്സര പരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.

ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.

ഉർദു പഠിക്കുന്ന എല്ലാ കുട്ടികളും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും എഴുതാനും അത്യാവശ്യം സാഹിത്യരചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുന്നു.

മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.

ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ഉർദുവിൽ നിലവാരം ഉണ്ടാക്കിയെടുക്കുക.

ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

കുട്ടികളുടെ സർഗാത്മക ശേഷികൾ വളർത്തുകയും രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

പ്രവർത്തനം: പഢേം ആഗെ ബഢേം

ഉർദു വായന

വായനാ മത്സരങ്ങൾ, ക്വിസ് മത്സരം
ബാലമാസികകൾ, ഉർദു പത്രങ്ങൾ
വായനാ കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ

കാലയളവ്: വിവിധ ദിനാചരണങ്ങളിൽ
ചുമതല: ഉർദു സബ്ജക്ട് കൗൺസിൽ
വിലയിരുത്തൽ: H.M സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: മേരേ അൽഫാസ്

ഉർദു കയ്യെഴുത്ത് മാസിക

രചനാ ശേഷി വളർത്തൽ

ഉർദുവിൽ വിരുതും ഭംഗിയുമുള്ള നുറാവ തൈ എഴുത്ത് എന്ന ലക്ഷ്യപൂർത്തീകരണത്തിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക ചുമർ പത്രിക നിർമ്മാണം വായനാകാർഡ് നിർമ്മാണം.

കാലയളവ് : ടേമിൽ ഒന്ന് വീതം.

ചുമതല: ഉർദു സബ്ജക്ട് കൗൺസിൽ

വിലയിരുത്തൽ: H.M സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: e- ദുനിയ

ഉർദു ടൈപ്പിംഗ്

കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ, പ്രിന്റഡ് പതിപ്പുകൾ വായനാകാർഡ് തുടങ്ങിയവ തയ്യാറാക്കൽ

കാലയളവ്: ഒരു വർഷം

ചുമതല: ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ

വിലയിരുത്തൽ: H.m, സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: ഡിജിറ്റൽ മാഗസിൻ

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ

കാലയളവ് : വർഷത്തിൽ ഒന്ന്.

ചുമതല: ഉർദു ക്ലബ്ബ്

വിലയിരുത്തൽ: H.m. സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: വായന - ജി.കെ. ക്വിസ്
പൊതുവിജ്ഞാനം.

പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക.

കാലയളവ്: ടേമിൽ ഒന്ന് വീതം.

ചുമതല: ഉർദു ക്ലബ്ബ്

വിലയിരുത്തൽ: H.M. സബ്ജക്ട് കൗൺസിൽ

പ്രവർത്തനം : മുശാഇറ

ഉർദു ഗസലിനെയും, ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക.

കാലയളവ്: വർഷത്തിൽ ഒന്ന്.

ചുമതല: ഉർദു ക്ലബ്ബ്

വിലയിരുത്തൽ: H.M സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: ഹം ഖലം ഉർദു ക്ലബ്

കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകുന്ന വിധം കവിതാ, കഥ, ഉപന്യാസം ക്യാമ്പുകൾ നടത്തി ഉർദു സാഹിത്യകാരന്മാരുടെ ക്ലാസ് സംഘടിപ്പിക്കുക.

കാലയളവ്: വർഷത്തിൽ ഒന്ന്.

ചുമതല: ഉർദു ക്ലബ്ബ്.

വിലയിരുത്തൽ : H.m സബ്ജക്ട് കൗൺസിൽ.

പ്രവർത്തനം

പോർട്ട് ഫോളിയോ.

കുട്ടികളിലെ അഭിനയ കഴിവും
അവതരണ ശേഷിയും പരിപോഷിപ്പിക്കും
വിധം വിവിധ വിഷയ സംബന്ധമായ
പോർട്ട് ഫോളിയോകൾ തയ്യാറാക്കൽ

കാലയളവ്: വർഷത്തിൽ ഒന്ന്

ചുമതല: ഉർദു ക്ലബ്ബ്

വിലയിരുത്തൽ: H.m സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: ഉർദു ദിനം.

ടലന്റ് ഷിട്ട്, അക്ഷര മരം
ഭാഷാസെമിനാർ, മന്റു പതിപ്പ്

കാലയളവ്: അതത് ദിനങ്ങളിൽ

ചുമതല: ഉർദു ക്ലബ്ബ്

വിലയിരുത്തൽ: H.m, സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: വായന അസ്വാദനം.

കുട്ടി വായന, അമ്മയും കുഞ്ഞും വായന
അസ്വാദനക്കുറിപ്പ്, പുസ്തക ചർച്ച, ക്വിസ് -
മത്സരം, മെഗാ ക്വിസ്.

കാലയളവ്: ഒരു വർഷം.

ചുമതല: ഉർദു ക്ലബ്ബ്

വിലയിരുത്തൽ: H.m സബ്ജക്ട് കൗൺസിൽ

പ്രവർത്തനം: തലാശ്.

പ്രാദേശിക പഠനയാത്രകൾ
സംഘടിപ്പിക്കൽ

കാലയളവ് : വർഷത്തിൽ ഒന്ന്
ചുമതല : ഉർദു ക്ലബ്ബ്
വിലയിരുത്തൽ : H.M, സബ്ജക്ട് കൗൺസിൽ

പ്രവർത്തനം : ദിനാചരണങ്ങൾ

ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

കാലയളവ് : അതാത് ദിനങ്ങളിൽ
ചുമതല : ഉർദു ക്ലബ്ബ്
വിലയിരുത്തൽ : H.M, സബ്ജക്ട് കൗൺസിൽ

പ്രവർത്തനം : ദിൽ സുരിലി ആവാസ്

പൂർവ്വ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പങ്കെടുക്കാവുന്ന ഓൺലൈൻ ഉർദു കലാപരിപാടികൾ

കാലയളവ് : ഒരു വർഷം
ചുമതല : ഉർദു ക്ലബ്ബ്
വിലയിരുത്തൽ : H.M, സബ്ജക്ട് കൗൺസിൽ

പ്രവർത്തനം : തൊഴിൽ നൈപുണി

തൊഴിൽ നൈപുണ്യം വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക.

കാലയളവ് : വർഷത്തിൽ ഒന്ന്
ചുമതല : ഉർദു ക്ലബ്ബ്
വിലയിരുത്തൽ : H.M, സബ്ജക്ട് കൗൺസിൽ

# ഗണിതം

## ആമുഖം

ഗണിതശാസ്ത്രം മനുഷ്യന്റെ ചിന്താശേഷിയെ വികസിപ്പിക്കുകയും പ്രശ്നപരിഹാര നൈപുണ്യം വളർത്തുകയും ചെയ്യുന്ന ഒരു അത്യന്തം പ്രധാനപ്പെട്ട ശാസ്ത്ര ശാഖയാണ്. ഇതിന്റെ പ്രായോഗികവും സിദ്ധാന്തപരവുമായ ഉപയോഗങ്ങൾ ജീവിതത്തിന്റെ വിവിധ മേഖലകളിലും പ്രത്യേകിച്ച് വ്യവസായിക, സാങ്കേതിക വിദ്യ സാമ്പത്തിക ശാസ്ത്രം, കമ്പ്യൂട്ടിംഗ് തുടങ്ങി അനേകം മേഖലകളിൽ വലിയ പങ്ക് വഹിക്കുന്നു

പഠനത്തിന്റെ ഓരോ ഘട്ടവും ഘട്ടങ്ങളെ ഉപേക്ഷിച്ച ജീവിതത്തിൽ വിപുലമായ സ്വാധീനമുണ്ടാക്കുന്ന ഗണിതത്തിന്റെ തിരിച്ചറിവ് കൂടി നൽകുന്നു.

ലക്ഷ്യം: അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു.

പ്രവർത്തനങ്ങൾ: ഗണിത ശില്പശാല.

കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
(മഞ്ചാടി, മുത്തുകൾ)

കാലയളവ് : ജൂൺ മാസം
ചുമതല: ഗണിത അധ്യാപകർ

ലക്ഷ്യം: രസകരമായ ഗണിത ശാസ്ത്ര
പഠനവും ഗണിത ചിന്താ വികാസവും

പ്രവർത്തനം
ഗണിതോപകരണ നിർമ്മാണം

കുട്ടികൾക്ക് ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ
വിവിധ രൂപങ്ങളുടെ നിർമ്മാണം, അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തുന്നു.
പ്രദർശിപ്പിക്കുന്നു.

കാലയളവ് : ഓരോ മാസവും
ചുമതല : ഗണിത അധ്യാപകർ.

ലക്ഷ്യം: ഗണിതത്തിൽ പിന്നോക്കക്കാരായ കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു.

പ്രവർത്തനങ്ങൾ: ഗണിത ക്ലിനിക്ക്

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗ നിർദ്ദേശങ്ങളും ആവശ്യമായ പഠന പ്രവർത്തനങ്ങളും നൽകുന്നു.

കാലയളവ് : ആഴ്ചയിൽ ഒരു പിരീയഡ്
ചുമതല : ഗണിത അധ്യാപകർ
സമർത്ഥരായ കുട്ടികൾ.

ലക്ഷ്യം: ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ

പ്രവർത്തനങ്ങൾ: വിദ്യാലയത്തിൽ ഗണിതലാബ് സജ്ജമാക്കുന്നു.

കാലം: ആവശ്യാനുസരണം.

ചുമതല: ഗണിത അധ്യാപകർ

ലക്ഷ്യം: വിവിധ ശേഷികളുടെ വികസനം.

പ്രവർത്തനങ്ങൾ: ജൂൺ മുതൽ മാർച്ച് വരെ ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

കാലം: ആവശ്യാനുസരണം

ചുമതല: ഗണിത അധ്യാപകർ.

English

ലക്ഷ്യം: ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം കൊടുക്കുന്നു.

പ്രവർത്തനങ്ങൾ

ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.

ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു.

കടങ്കഥകൾ, പ്രശ്നോത്തരി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

കാലം: ഇംഗ്ലീഷ് പിരീഡുകളിൽ

ചുമതല: ഇംഗ്ലീഷ് അദ്ധ്യാപകർ

ലക്ഷ്യം: തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു.

പ്രവർത്തനങ്ങൾ: 1 സൂചനാ ബോർഡുകൾ

പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലുമായി പ്രദർശിപ്പിക്കുന്നു.

കാലം: ദിനാചരണങ്ങളിൽ

ചുമതല: ഇംഗ്ലീഷ് അധ്യാപകർ.

2. ഇതിനെ സൂചിപ്പിക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ കുട്ടിയെ വിജയിയായി പ്രഖ്യാപിക്കുന്നു.

കാലം: ഇംഗ്ലീഷ് പിരിയഡുകളിൽ

ചുമതല: ഇംഗ്ലീഷ് അധ്യാപകർ

ലക്ഷ്യം: ഭാവാത്മക വായന പരിശീലിപ്പിക്കുന്നു

പ്രവർത്തനങ്ങൾ

വ്യത്യസ്ത തലങ്ങളിലായി വായനക്കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.

കാലം: എല്ലാ മാസവും

ചുമതല: ഇംഗ്ലീഷ് അധ്യാപകർ

ലക്ഷ്യം: ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു.

പ്രവർത്തനങ്ങൾ: English fest നടത്തുന്നു.

കാലം: ഡിസംബർ

ചുമതല: ഇംഗ്ലീഷ് അധ്യാപകർ.

## സാമൂഹ്യശാസ്ത്രം

മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ വിഷയമാകുന്നത്. ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, തുടങ്ങിയ വിഷയങ്ങളിൽ കുട്ടിയുടെ പഠന മികവ് ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ലക്ഷ്യങ്ങൾ

1. സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി, അന്വേഷണത്വര എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
4. സാമൂഹ്യശാസ്ത്ര പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.
5. മതേതര ജനാധിപത്യ ബോധം വളർത്തുക.
6. ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.

പ്രവർത്തന പദ്ധതികൾ - ജൂൺ

1. മുൻക്ലാസുകളിലെ പാഠഭാഗത്തെ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ (ക്ലാസ് തലം)

ജൂലൈ

സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

ആഗസ്റ്റ്

പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ Virtual field Trip ക്ലാസ് തലത്തിൽ നടത്തുന്നു.

ഒക്ടോബർ

ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി "ഗ്രാമസഭ", "വാർഡ് സഭ" എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.

നവംബർ

പ്രകൃതി ദുരന്തങ്ങളെ നേരിടാൻ പ്രാപ്തരാക്കുന്ന രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ

" അഗ്നി രക്ഷാക്ലാസ്" സംഘടിപ്പിക്കൽ

ജനുവരി

സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള 'ശില്പശാല' സംഘടിപ്പിക്കുന്നു.

ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ

സാമൂഹ്യശാസ്ത്ര ലാബ്, സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ എന്നിവ ക്രമീകരിക്കുന്നതിനാവശ്യമായ റൂം സൗകര്യങ്ങൾ.

ഭിന്നശേഷി കുട്ടികൾക്കാവശ്യമായ പ്രത്യേക പാക്കേജ്.

മുഴുവൻ ക്ലാസുകളിലും ICT സൗകര്യങ്ങൾ.

നിലവിലെ നേട്ടങ്ങൾ

USS പോലുള്ള പ്രതിഭാ പോഷണ പ്രവർത്തനങ്ങളിൽ മുന്നോക്കം നിൽക്കുന്നുണ്ട്. ദിനാചരണ പ്രവർത്തനങ്ങൾ, ഫീൽഡു ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. പാഠ്യപദ്ധതി പ്രവർത്തനങ്ങളിൽ ICT പ്രവർത്തനങ്ങൾ ഉൾപ്പെടുത്താറുണ്ട്. വിലയിരുത്തലുമായി ബന്ധപ്പെട്ട് വർക്ക് ഷീറ്റുകൾ നൽകൽ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ ഓരോ മാസവും നടത്താറുണ്ട്

## അടിസ്ഥാന ശാസ്ത്രം.

ശാസ്ത്രം ജീവിതത്തിന്റെ ഭാഷയാണ്. പ്രകൃതിയുടെ രഹസ്യങ്ങൾ അറിയുന്നതിനും പുതിയ അറിവുകൾ രൂപപ്പെടുത്തുന്നതിനുമുള്ള ശക്തമായ ഭാഷയാണ് ശാസ്ത്രം. കുട്ടികളിൽ ശാസ്ത്രീയ ചിന്ത, വിമർശനാത്മക വിശകലനം പ്രയോഗാത്മക കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട് തയ്യാറാക്കിയ തറക്കൽ എ.യു.പി സ്കൂളിന്റെ അക്കാദമിക് മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ലക്ഷ്യം: ചുറ്റുപാടിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയൽ

പ്രവർത്തനം: • സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം.

- "നാടറിയാം കാടറിയാം" യാത്ര നടത്താം
- ക്ലാസ് റൂമുകളിൽ, ചുറ്റുപാടിൽ നിന്നും ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങൾ ചെയ്യുക.
- സയൻസ് കിറ്റ് നിർമ്മാണം

കാലം: അക്കാദമിക വർഷം.

ചുമതല: സയൻസ് ക്ലബ്ബ്

സാമ്പത്തിക വിശകലനം: പി.ടി.എ, സയൻസ് ക്ലബ്ബ്.

ലക്ഷ്യം: ശാസ്ത്ര അഭിരുചി ശേഷി വർധിപ്പിക്കുക.

പ്രവർത്തനം: സ്കൂളിൽ സയൻസ് കോർണർ

നിർമ്മാണം.

ശാസ്ത്ര സംബന്ധമായ വിവരങ്ങൾ, ശാസ്ത്ര നാടകങ്ങൾ, ലഘുപരീക്ഷണങ്ങൾ സെമിനാർ, project report തുടങ്ങിയവ അവതരിപ്പിക്കാനുള്ള അവസരം Science കോർണറിൽ ഉണ്ടായിരിക്കും.

കാലം: അക്കാദമിക വർഷം.

ചുമതല: സയൻസ് ക്ലബ്

സാമ്പത്തിക വിശകലനം: പി.ടി.എ, സയൻസ് ക്ലബ്.

ലക്ഷ്യം: കുട്ടികളിൽ ഗവേഷണോത്സുകത വർധിപ്പിക്കൽ, ICT ശാസ്ത്ര പഠനത്തിനായി ഉപയോഗിക്കൽ

പ്രവർത്തനം

1 ശാസ്ത്ര ശില്പശാല

2. LED ബൾബ് നിർമ്മാണം.

3. പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, പുതിയ കണ്ടെത്തലുകൾ തുടങ്ങിയവയുടെ വീഡിയോ പ്രദർശനം.

കാലം: 1 ഒക്ടോബർ
2. ഡിസംബർ
3. അക്കാദമിക വർഷം

ചുമതല: സയൻസ് ക്ലബ്, ശാസ്ത്ര അധ്യാപകർ

സാമ്പത്തിക വിശകലനം: സയൻസ് ക്ലബ്, PTA.

ഹിന്ദി

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷണീയവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

ലക്ഷ്യങ്ങൾ :-

അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ : അക്ഷരവല അടങ്ങിയ കാർഡ് നൽകുന്നു.

അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.

ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു.

കാലം: ജൂൺ- ജൂലൈ ചുമതല: ഹിന്ദി അധ്യാപകർ

ലക്ഷ്യങ്ങൾ: അക്ഷരങ്ങളുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ: ക്ലാസിലെ ഓരോ കുട്ടിയുടെയും ജനന തിയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.

കാലം: ഓഗസ്റ്റ് സെപ്റ്റംബർ

ചുമതല: ഹിന്ദി അധ്യാപകർ

ലക്ഷ്യങ്ങൾ: ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യു.

പ്രവർത്തനങ്ങൾ: നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്ര കഥകൾ പരിചയപ്പെടുത്തും

കാലം: ജൂൺ - ഫെബ്രുവരി

ചുമതല: ഹിന്ദി അധ്യാപകർ

ലക്ഷ്യങ്ങൾ: ഹിന്ദി അനായാസം എഴുതുവാൻ പരിശീലിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ: കേട്ടെഴുത്ത്, പാഠഭാഗങ്ങൾ പ്രശ്നോത്തരി എന്നിവ നൽകുന്നു.

കാലം: ഡിസംബർ-ജനുവരി, ചുമതല: ഹിന്ദി അധ്യാപകർ

ലക്ഷ്യം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കുന്നു.

പ്രവർത്തനങ്ങൾ: ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. ചെറിയ ചെറിയ ചോദ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുന്നു.

കാലം: ജൂൺ - ഫെബ്രുവരി

ചുമതല: ഹിന്ദി അധ്യാപകർ

ലക്ഷ്യങ്ങൾ: ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.

പ്രവർത്തനങ്ങൾ: വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു

കാലം: ജൂൺ - ജൂലൈ

ചുമതല: ഹിന്ദി അധ്യാപകർ